**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 166** **07-10-2024 - ൽ മറുപടിയ്ക്ക്**

**നാദാപുരം ഫയർ സ്റ്റേഷൻ കെട്ടിട നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ കെ വിജയൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | നാദാപുരം ഫയർ സ്റ്റേഷൻ കെട്ടിട നിർമ്മാണത്തിന് നിലവിൽ നേരിടുന്ന തടസ്സങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (എ) | നാദാപുരം ഫയർ സ്റ്റേഷൻ കെട്ടിട നിർമ്മാണത്തിനാവശ്യമായ സ്ഥലം അഗ്നിരക്ഷാ വകുപ്പിന് കൈമാറി ലഭിച്ചിട്ടുണ്ട്. സ്ഥലത്തേക്ക് പുതിയ റോഡ് നിർമ്മാണം ആരംഭിച്ചപ്പോൾ ബഹു.വടകര സബ് കോടതിയിലെ OA.13/2020 in OS 40/18 ഉത്തരവിന്റെ അടിസ്ഥാനത്തിൽ നാദാപുരം പോലീസ് സ്റ്റേഷൻ എസ്.എച്ച്.ഒ. റോഡ് നിർമ്മാണം തടഞ്ഞിരുന്നു. ആയതിനെതിരെ ബഹു. വടകര സബ് കോടതിയിൽ 03.12.2021-ന് തേർഡ് പാർട്ടിയായി കേസ് ഫയൽ ചെയ്തു എങ്കിലും വകുപ്പിന് അനുകൂല വിധി ലഭ്യമായില്ല. ബഹു. കോടതിയിൽ നിന്നും അനുകൂല വിധി ലഭ്യമാകുന്ന മുറയ്ക്ക് സ്റ്റേഷൻ നിർമ്മിക്കുന്നതിന് ലഭിച്ച സ്ഥലത്തേക്ക് ആവശ്യമായ വഴി നിർമ്മിച്ച് കെട്ടിട നിർമ്മാണം ആരംഭിക്കാൻ കഴിയും. |
| (ബി) | നിലവിലെ തടസ്സങ്ങൾ നീക്കുവാൻ നാളിതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും ഇനി എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്നും വ്യക്തമാക്കുമോ? | (ബി) | പിരിവ് (എ) യിൽ ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ